എൽ.എഫ്.കെ.പി1/1411/08

തീയതി : 27.6.09

# ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ വരവു ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ് ,
1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് ,
1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18
എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**2006 - 07**

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ. പി.ജെ.ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 18.1.07 മുതൽ 30.10.08 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 21.11.08 മുതൽ 29.11.08 വരെ | 2006-07 വാർഷികം | ശ്രീ. എസ്. വിജയചന്ദ്രൻ നായർ - ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. കെ.എ. അനിതാകുമാരി,<br>ശ്രീ. മുഹ്സിൻ ഫൈസൽ<br>-ഓഡിറ്റർമാർ |

**നിർവഹണാധികാരികൾ**

*പ്രസിഡന്റ്* : ശ്രീമതി രോഹിണിബായി ഉണ്ണിക്കൃഷ്ണൻ(1.4.06 മുതൽ 31.3.07 വരെ)

*സെക്രട്ടറി* :
1. ശ്രീ. പി.എസ്. മോഹൻകുമാർ (1.4.06 മുതൽ 28.5.06വരെ)
2. ശ്രീ. ഷാജി ജോർജ് (29.5.06 മുതൽ 11.9.06 വരെ)
3. ശ്രീ. വി.കെ. ചന്ദ്രശേഖരൻ (12.9.06 മുതൽ 2.2.07 വരെ)
4. ശ്രീ. സി. വിശ്വനാഥൻ ചെട്ടിയാർ (3.2.07 മുതൽ 4.3.07 വരെ)
5. ശ്രീ. വി.കെ. ചന്ദ്രശേഖരൻ (5.3.07 മുതൽ 31.3.07 വരെ)

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

***ഭാഗം 1:- പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

***ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

*ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും*

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയ മാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില ,ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1 – പൊതുഅവലോകനം

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 വർഷത്തെ ബജറ്റ് 26.3.06 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 178561200 രൂപയും ആകെ ചെലവ് 17792100 രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2006-07 വർഷത്തെ ആകെ വരവ് 27193703 രൂപയും ആകെ ചെലവ് 26310283 രൂപയും ആണ്.

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 1350 രൂപ പഞ്ചായത്തിന്റെ വരവിനങ്ങളിൽ നഷ്ടമുണ്ടായതായും 63231 രൂപ ഓഡിറ്റിൽ അംഗീകരി ക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാര ണങ്ങളാൽ 1639072 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

**ബജറ്റ് സംബന്ധിച്ച്**

06-07 വർഷം ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് 17 കോടിയോളം രൂപയായിരുന്നെ ങ്കിലും യഥാർത്ഥ വരവ് രണ്ടുകോടിയോളം രൂപയാണെന്ന് കാണുന്നു. മുൻവർഷ കണക്കു കളുടെ വെളിച്ചത്തിൽ സമഗ്രമായ വിലയിരുത്തൽ നടത്താതെയും പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിലെ നിർദേശങ്ങൾ പാലിക്കാതെയും വെറും സാങ്കല്പിക സംഖ്യക ളാൽ ചമച്ചതാണ് തൻവർഷത്തെ ബജറ്റ് എന്നാണ് ഗണ്യമായ ഈ അന്തരം സൂചിപ്പിക്കുന്ന ന്നത്. യഥാർത്ഥ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്ന ആധികാരിക രേഖയെന്ന നില യിൽ സൂക്ഷ്മതയോടെ തയ്യാറാക്കേണ്ട ബജറ്റ് തികഞ്ഞ ലാഘവത്തോടെ തയ്യാറാക്കി പാസാക്കിയത് ഗുരുതരമായ വീഴ്ചയാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി നിർദേശങ്ങൾ വിശദമായ എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. യാഥാർത്ഥ്യത്തിനു നിരക്കുന്ന രീതിയിൽ കണക്കുകൾ തയ്യാറാക്കാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

**അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് സംബന്ധിച്ച്.**

ജി.ഒ.(പി) 319/03/ഫിൻ തീയതി : 12.6.03 പ്രകാരം എല്ലാ പഞ്ചായത്തുകളും വരവു ചെലവു രജിസ്റ്ററുകൾ ദൈനംദിനം എഴുതി ദിനേന, മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗു കൾ നടത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായ ത്തുകളിൽ വരവുചെലവ് ഇനങ്ങളുടെ ശീർഷകങ്ങൾ താരതമ്യേന കുറവാണെങ്കിലും വര വുചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ വരവുചെലവ് രജിസ്റ്റ റുകൾ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥയെ പ്രതിഫലിപ്പിക്കുന്ന അടിസ്ഥാന രജിസ്റ്ററുകളായ ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഋണശീർഷ കണക്കുകളുടെ വരവ്/ അടവ് വിവരം കാണിക്കുന്ന രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നതിലെ അലംഭാവം പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി കണക്കാക്കുന്നു. തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. മേല്പറഞ്ഞ രജിസ്റ്ററുകൾ എഴുതി കൃത്യമായി ക്ലോസിംഗുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ട തുമാണ്.

**കാഷ്ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ**

31.10.08 വരെ കാഷ്ബുക്ക് എഴുതി മാസാന്ത്യക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറി - ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി ആയതിന്റെ സാക്ഷ്യപത്രം കാഷ്ബുക്കിൽ ചേർത്ത് വയ്ക്കുന്നതായി കാണുന്നില്ല. മാസാന്ത്യം ട്രഷറി- ബാങ്ക് ബാലൻസ് തുകകളുമായി പൊരുത്തപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ കാഷ്ബുക്കിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**വരവ് വിവരം - പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച്.**

പഞ്ചായത്ത് വിവിധ രസീതുകൾ പ്രകാരം പിരിച്ചെടുക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെ സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും ആയത് പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്ത് രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ , അവ അടവാക്കുന്ന വിവരം എന്നിവ രേഖപ്പെടുത്തി ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പദ്ധതി വിഹിതം**

പദ്ധതി വിഹിതമിനത്തിൽ തൻവർഷം 10855000 രൂപ താഴെ കാണിക്കുന്ന രീതിയിൽ ലഭ്യമായി.

| അലോട്ട്മെന്റ് കത്ത് നമ്പരും തീയതിയും | തുക | | |
|---|---|---|---|
| | പൊതുവിഭാഗം (ബി.പി.എഫ്എ 2-എ) | ടി.എസ്.പി (ബി.പി. എഫ്എ 2-ബി) | എസ്.സി.പി (ബി. പി.എഫ്എ 2-സി) |
| എൽ.എ. നമ്പർ 1/ 25.5.06 | 2759600 | 512400 | 1070000 |
| എൽ.എ. നമ്പർ 2/ 25.7.06 | 1379800 | 256200 | 535000 |
| എൽ.എ. നമ്പർ 3/ 13.11.06 | 689900 | 128100 | 267500 |
| എൽ.എ. നമ്പർ 4/ 30.12.06 | 689900 | 128100 | 267500 |
| എൽ.എ. നമ്പർ 5/ 23.2.07 | 1379800 | 256200 | 535000 |
| ആകെ | 6899000 | 1281000 | 2675000 |

42 പദ്ധതികൾക്കായി തന്നാണ്ടിൽ 6888245 രൂപ ഉത്പാദന, പശ്ചാത്തല, സേവന മേഖലകളിലായി ചെലവഴിച്ചിട്ടുണ്ട്.

ഒമ്പതാം പദ്ധതിക്കാലത്ത് തുടക്കം കുറിച്ച 15 ജലസേചന പദ്ധതികൾ പൂർത്തീകരിക്കപ്പെടാത്ത അവസ്ഥയിൽ ഇപ്പോഴും തുടരുകയാണ്. 482.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ഒമ്പത് ഗ്രാമപഞ്ചായത്തുകളിലായി 114 വാർഡുകളുള്ള ബ്ലോക്ക് പഞ്ചായത്തിലെ വർഷങ്ങളായി തുടർന്നു വരുന്ന കുടിവെള്ളക്ഷാമം , ജലസേചന സൗകര്യക്കുറവ് എന്നീ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്കും പോയ വർഷങ്ങളിലെന്ന പോലെ തന്നാണ്ടിലും വിവിധ കുടിവെള്ള, ജലസേചന പദ്ധതികൾക്കായി ചെലവഴിച്ച് ഒട്ടനവധി ചെറുകിട പദ്ധതികൾ ആരംഭിച്ചു. ഗുണമേന്മയില്ലാത്ത ഉപകരണങ്ങൾ വാങ്ങിയതുമൂലം മുൻകാല പദ്ധതികളിൽ ഭൂരിഭാഗവും നിർജീവാവസ്ഥയിലാണ്. ഗുണഭോക്തൃ സമിതികളുടെ മോശമായ പ്രവർത്തന രീതി മറ്റൊരു പോരായ്മയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർജീവാവസ്ഥയിലായ പദ്ധതികൾ പൂർത്തീകരിക്കാൻ ശ്രമിക്കാതെ പുതിയ പദ്ധതികൾക്കായി പദ്ധതിപ്പണം തന്നാണ്ടിലും ചെലവഴിച്ചത് ആശാസ്യമായില്ല. (ഖണ്ഡിക 2.3 കാണുക)

ഉത്പാദന മേഖലയിൽ കൃഷി, മൃഗസംരക്ഷണ രംഗത്ത് നടപ്പാക്കിയ പദ്ധതികളും ഉദ്ദിഷ്ട ഗുണഫലങ്ങളില്ലാത്ത അവസ്ഥയിലാണ്. കാർഷിക രംഗത്തെ ജലസേചനം ഉദ്ദേ

ശിച്ച് നടപ്പാക്കിയ പല പദ്ധതികൾക്കും കുടിവെള്ളം ലഭ്യമാക്കുകയെന്ന് ഉദ്ദേശ്യം കൂടി ഉണ്ടായിരുന്നെങ്കിലും നിലവിലുണ്ടായിരുന്ന ജലസ്രോതസ്സ് വികസിപ്പിച്ച് ജലലഭ്യത ഉറപ്പു വരുത്താതെ പൈപ്പ്, മോട്ടോർ എന്നിവ വാങ്ങിയതിനാൽ അവയെല്ലാം ഉപയോഗശൂന്യമായിത്തീർന്നു. നടപ്പാക്കിയതും തുടങ്ങിവച്ചതുമായ പദ്ധതികളെല്ലാം ആവശ്യമായ സാധ്യതാ പഠനം നടത്താതെയുള്ളവയാണ്. കൃത്യമായ അളവുകളുടെയും നീരൊഴുക്ക് സംബന്ധിച്ച കണക്കുകളുടെയും അഭാവത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ജലസ്രോതസ് നിർമിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നതിനു മുമ്പേ തുടർ പ്രവർത്തനങ്ങളായ ജല സംഭരണികളുടെയും പൈപ്പ് ലൈനുകളുടെയും നിർമാണം നടത്തിയതിനാൽ വൻനഷ്ടം സംഭവിച്ചിരിക്കുന്നു. മലയോര മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ശ്രമിച്ച പദ്ധതികളെല്ലാം ആവശ്യം വേണ്ടിയിരുന്ന സാധ്യതാ പഠനവും വിലയിരുത്തലുകളും നടത്താതെയുള്ളവ ആയിരുന്നതിനാൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. തന്മൂലം പദ്ധതിപ്പണത്തിന്റെ ഭീമമായ പാഴ്ച്ചെലവ് നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പ്രോജക്ടിൽ നിർദേശിച്ച സ്ഥലത്തു നിന്ന് വ്യത്യസ്തമായ സ്ഥലത്ത് ടാങ്ക് സ്ഥാപിക്കുക വഴി പൈപ്പ് ലൈനിനും മറ്റും അധികച്ചെലവ് ഉണ്ടായി. വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ബ്ലോക്കുകളിൽ ഒന്നാണിത്. എന്നാൽ വ്യവസായ പുരോഗതിക്കും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി യാതൊരു പ്രവർത്തനവും തൻവർഷം നടത്തിയിട്ടില്ല. ആയതിനാൽ ഇക്കാലയളവിൽ നടത്തിയ പല ട്രയിനിംഗ് പ്രോഗ്രാമുകളും പ്രയോജനരഹിതമായി.

ബ്ലോക്ക് പഞ്ചായത്തിലെ പല പ്രദേശങ്ങളിലും റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഒട്ടേറെ മേഖലകൾ ഇനിയും അവശേഷിക്കുന്നു. ഈ പ്രദേശങ്ങളുടെ വികസനവും അതോടൊപ്പം മറ്റു വികസന മേഖലകളുടെ വികസനവും സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതി**

കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി തൻവർഷം ലഭിച്ച 900700 രൂപ, മുൻ ബാക്കി 35202 രൂപ, പലിശ 2197 രൂപ എന്നിവ ഉൾപ്പെടെ 938099 രൂപ വരവുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കൈയാല നിർമാണത്തിനായി 60522 രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് 13 പദ്ധതികൾക്കായി ചെലവഴിച്ച തുക ഉൾപ്പെടെ ആകെ 932262 രൂപ ചെലവുണ്ട്. 06-07 വർഷം പഞ്ചായത്തിന് ഭക്ഷ്യധാന്യ വിഹിതം ലഭിച്ചിട്ടില്ല.

06-07 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് വേലകൾ ഒഴികെയുള്ള പ്രോജക്ടുകൾ പലതിന്റെയും നിർവഹണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടുകളുടെ നടത്തിപ്പിൽ പാഴ്ച്ചെലവും പദ്ധതിപ്പണത്തിന്റെ ദുരുപയോഗവും കാണപ്പെട്ടു.

ഹൈസ്കൂൾ ലൈബ്രറികൾക്ക് ഫർണിച്ചർ നൽകൽ എന്ന പ്രോജക്ടിന്റെ ആനുകൂല്യം അൺ എയ്ഡഡ് സ്കൂളുകൾക്കും ആവശ്യം പരിഗണിക്കാതെ എൽ.പി.സ്കൂളുകൾക്കും അനുവദിച്ചത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണ്. തുടർവിദ്യാഭ്യാസ പദ്ധതി, വനിതകൾക്ക് തൊഴിൽ പരിശീലനം എന്നിവ പരിശീലനഫീസും അനുബന്ധച്ചെലവുകളും നൽകിയതിൽ മാത്രം ഒതുങ്ങിയതായി കണ്ടു. പരിശീലനം തൃപ്തികരമായി പൂർത്തീകരിച്ചതു സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഏതാനും മണിക്കൂർ പരിശീലന പരിപാടിക്കൾക്കപ്പുറം സ്വയംതൊഴിൽ ചെയ്ത് സ്വയംപര്യാപ്തത നേടുന്നതിനുള്ള പ്രാപ്തി ആർജിച്ചതു സംബന്ധിച്ച് തുടർ മോണിട്ടറിംഗും ആവശ്യമായ പ്രോജക്ടുകളാണ് മേൽപ്പറഞ്ഞവ.

മരാമത്തുവേലകളിൽ നല്ലൊരു ശതമാനവും അംഗീകൃത എസ്റ്റേറ്റിൽ നിന്ന് ഗണ്യമായ തോതിൽ വ്യതിചലിച്ചാണ് നടപ്പാക്കിയിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് വ്യതിയാനം വരുമ്പോൾ മേൽനോട്ടം വഹിക്കുന്ന എൻജിനിയർ സ്വീകരിക്കേണ്ട നടപടികൾ പാലിക്കാതെ ബില്ല് തയ്യാറാക്കി അനധികൃതമായി പണം നൽകിയത്

ക്രമവിരുദ്ധമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് സൈറ്റ് സന്ദർശിച്ച് ആവശ്യമായ പഠനം നടത്തിയിട്ടില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ജലവിതരണ പദ്ധതികൾ അധികവും ലക്ഷ്യം കൈവരിക്കാതെ പോയത് മേല്പറഞ്ഞ കാരണങ്ങളാലാണ്. മൂന്നിലവ്- പായിപ്പാട് ഭാഗം മണ്ണു സംരക്ഷണം, മേലുകാവ്- പാണിയാംമാവ് ചിരട്ടോലി ഭാഗം മണ്ണു സംരക്ഷണം എന്നിവ ദൃഷ്ടാന്തങ്ങളാണ്.

**നിർവഹണ ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ച്**

ബ്ലോക്കിന് നിർവഹണ ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും വിവിധ മേഖലകളിലുള്ള പ്രോജക്ടുകൾ സെക്രട്ടറി നേരിട്ടാണ് നടപ്പാക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥരെ അതതു മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏല്പിക്കേണ്ടതും അവരിലൂടെ പ്രോജക്ടുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**മോണിട്ടറിംഗ്**

ഫലപ്രദമായ മോണിട്ടറിംഗ് സമ്പ്രദായത്തിന്റെ അഭാവം പദ്ധതികളുടെ ശരിയായ നടത്തിപ്പിനെയും ഭൗതിക നേട്ടത്തെയും ബാധിക്കുന്നതായി ബോധ്യപ്പെട്ടു. ഏതൊരു പ്രോജക്ടും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ബില്ലുകൾ പാസാക്കി തുക നൽകാൻ പാടുള്ളു. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഭൂരിഭാഗം പ്രോജക്ടുകൾക്കും മോണിട്ടറിംഗ് റിപ്പോർട്ടില്ല. മോണിട്ടറിംഗ് ശരിയായ വിധത്തിൽ നടത്താതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

## ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1) റദ്ദാക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കാത്തത് സംബന്ധിച്ച്

ടെൻഡർ ഫോമിന്റെ വിലയായ 1350 രൂപയെന്ന് രേഖപ്പെടുത്തിയ 7/291-ാം നമ്പർ രസീത് 7.1.08 ൽ റദ്ദാക്കിയതായി കാണുന്നു. റദ്ദാക്കിയ രസീതുകളുളെട ഡ്യൂപ്ലിക്കേറ്റ് കോപ്പി ഒറിജിനലിനൊപ്പം വയ്ക്കേണ്ടതാണെങ്കിലും ടി രസീതിനൊപ്പം ആയത് ചേർത്തു വച്ചിട്ടില്ല. ആയതിനാൽ പണമിടപാട് സംബന്ധിച്ച വിവരം ബോധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ : എൽ.എഫ്.കെ. പി10/ഇ.ടി.പി (ബി.എൽ)-3) പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേല്പറഞ്ഞ തുക 1350 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**2.2 യാത്രാബത്ത**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ യാത്രാബത്ത ബില്ലുകൾ തയ്യാറാക്കുമ്പോൾ സൂക്ഷ്മത പുലർത്തുന്നില്ലെന്ന് കാണുന്നു. യാത്രാപ്പടി ബില്ലുകൾ പ്രസിഡന്റും സെക്രട്ടറിയും പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നതായി കാണുന്നില്ല. യാത്രാപ്പടി അനുവദിച്ചുകൊണ്ടുള്ള ഓഫീസ്തല നടപടിക്രമങ്ങൾ തയ്യാറാക്കുകയോ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയോ ചെയ്യുന്ന രേഖകൾ ബില്ലിനൊപ്പം ചേർത്തു വച്ചിട്ടില്ല. യാത്ര ചെയ്യുന്ന ആളുടെ ടൂർ ഡയറി, ട്രയിനിൽ നിശ്ചിത ക്ലാസിൽ യാത്ര ചെയ്തു എന്നതിന്റെ സാക്ഷ്യപത്രം ഇവയൊന്നും യാത്രാപ്പടി ബില്ലുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. യാത്രാപ്പടി ബില്ലുകൾ തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ രേഖകൾ ബില്ലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>യാത്രാപ്പടി- അനാമത്ത് ചെലവ് അധികം നൽകിയത് സംബന്ധിച്ച്.</u>

ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. വിജി ജോർജ്, സെക്രട്ടറി ശ്രീ. വി.കെ. ചന്ദ്രശേഖരൻ എന്നിവർക്ക് വിവിധ ദിവസങ്ങളിൽ നടത്തിയ യാത്രകൾക്ക് യാത്രാബത്ത നൽകിയപ്പോൾ അനാമത്ത് ചെലവിനത്തിൽ അധികം തുക നൽകിയതായി കാണുന്നു. 24 മണിക്കൂറിനുള്ളിൽ നടത്തുന്ന യാത്രയ്ക്ക് ഇൻസിഡന്റൽ എക്സ്പെൻസ് ഒന്ന് (അതായത് അര ഡി.എ) കൊടുക്കണമെന്നിരിക്കെ പോകുന്നതിനും വരുന്നതിനുമുള്ള

ഓരോ യാത്രയ്ക്കും അര ഡി.എ വീതം (ആകെ ഒരു ഡി.എ) നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | യാത്ര ചെയ്ത ആളുടെ പേര് | തീയതി | യാത്ര | ഐ.സി കൊടുത്തത് | ഐ.സി അനുവദനീയം | അധികം കൊടുത്തത് |
|---|---|---|---|---|---|---|
| 1 | ശ്രീ. വിജി ജോർജ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ (വൗച്ചർ നമ്പർ: 5/1-07 ചെക്ക് നമ്പർ : 766901/23.1.07) | 4.10.06 | ഈരാറ്റുപേട്ട-തിരുവനന്തപുരം | 120 | 60 | 60 |
| 2 | ,, | 10.10.06 | ,, | 120 | 60 | 60 |
| 3 | ,, | 26.10.06 | ,, | 120 | 60 | 60 |
| 4 | ,, | 28.11.06 | ,, | 120 | 60 | 60 |
| 5 | ,, | 27.12.06 | ,, | 120 | 60 | 60 |
| | **ആകെ** | | | | | **300** |
| 6 | ശ്രീ. വി.കെ. ചന്ദ്രശേഖരൻ, സെക്രട്ടറി (വൗച്ചർ നമ്പർ: 4/1-07 ചെക്ക് നമ്പർ : 796200/18.1.07) | 6.1.07 | ഈരാറ്റുപേട്ട-തിരുവനന്തപുരം | 120 | 60 | 60 |
| 7 | ,, | 22.12.06 | ,, | 120 | 60 | 60 |
| 8 | ,, | 17.11.06 | ഈരാറ്റുപേട്ട-എറണാകുളം | 120 | 60 | 60 |
| | **ആകെ** | | | | | **180** |

അനാമത്ത് ചെലവിനത്തിൽ ക്രമവിരുദ്ധമായി നൽകിയ 480 രൂപ ബന്ധപ്പെവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

**2.3 കംപ്യൂട്ടർ സ്ഥാപിക്കൽ : ചെലവ് വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

ബ്ലോക്ക് പഞ്ചായത്തിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നതിലേക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 20.8.06 ൽ 99840 രൂപ (വൗച്ചർ നമ്പർ16/8-06 ചെക്ക് നമ്പർ : 0796117/20.8.06) ചെലവഴിച്ചതായി കാണുന്നു. എന്നാൽ ചെലവ് സംബന്ധിച്ച ഫലയലുകളൊന്നും പരിശോധനയക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് സംബന്ധിച്ച കൃത്യത ഓഡിറ്റിൽ വ്യക്തമായിട്ടില്ല.. അതുകൊണ്ട് ടി ചെലവ് തുക 99840 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2.4 ഹൈസ്കൂൾ ലൈബ്രറികൾക്ക് ഫർണിച്ചർ : അൺ എയ്ഡഡ്/ എൽ.പി.സ്കൂളുകൾക്ക് നൽകിയത് അംഗീകരിക്കുന്നില്ല.**

പ്രോജക്ട് നമ്പർ : എസ് 010/07

പദ്ധതി വിഹിതം : രണ്ടു ലക്ഷം രൂപ

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിൽപെട്ട ഹൈസ്കൂൾ ലൈബ്രറികൾക്ക് സർവശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം കൂടുതലായി ലഭിച്ച പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് പതിനായിരം രൂപ വരെയുള്ള ഫർണിച്ചർ (സ്റ്റീൽ അലമാര , റാക്ക്) വാങ്ങി നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കടപ്രയിൽ ഏജൻസീസ് ഈരാറ്റുപേട്ട, സ്റ്റീൽ ഇന്ത്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പാലാ എന്നീ രണ്ടു സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തതായും റാക്കിന്റെ വിലയുടെ കാര്യത്തിൽ ആദ്യ സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി രണ്ടിനങ്ങളുടെയും സപ്ലൈ ഓർഡർ സ്ഥാപനത്തിനു നൽകിയതായും

ഫയലിൽ കാണുന്നു. എന്നാൽ സ്റ്റീൽ ഇന്ത്യ സമർപ്പിച്ച ക്വട്ടേഷൻ ഫയലിൽ സൂക്ഷിച്ചിട്ടി ല്ല. ആയതിനാൽ ക്വട്ടേഷൻ അംഗീകരിച്ച നടപടിയുടെ സുതാര്യത സംശയകരമാണ്.

അലമാരയ്ക്ക് 6365 രൂപ നിരക്കിലും റാക്കിന് 955 രൂപ നിരക്കിലും ഫർണിച്ചർ സപ്ലൈ ചെയ്തതിന് 199805 രൂപ (ചെക്ക് നമ്പർ : 024220 തീയതി 18.4.07) പ്രകാരം കടപ്ര യിൽ ഏജൻസീസിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. 25.11.08 ലെ ഓഡിറ്റ് എൻക്വയറി നമ്പർ : എ-1 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.)

<u>എ) അൺ എയ്ഡഡ് (സി.ബി.എസ്.ഇ) സ്കൂളിന് ഫർണിച്ചർ നൽകിയത് അംഗീകരിക്കു ന്നില്ല.</u>

പ്രോജക്ട് പ്രകാരം അൺ എയ്ഡഡ് സ്കൂളായ (സി.ബി.എസ്.ഇ) അൽ മനാർ സീനിയർ സെക്കൻഡറി സ്കൂളിന് അലമാരയും റാക്കും നൽകിയത് 29.3.07 ൽ പ്രിൻസി പ്പൽ കൈപ്പറ്റിയിട്ടുണ്ട്. 24.2.06 ലെ സർക്കുലർ നമ്പർ 6352/ഡി.പി1/06/തസ്വഭവ പ്രകാരം ലൈബ്രറി നവീകരണ പദ്ധതിയിൻ കീഴിൽ സർക്കാർ യുപി/ ഹൈസ്കൂളുകൾക്ക് മാത്രമേ ഫർണിച്ചർ നൽകാൻ പാടുള്ളു. ഇതിനു വിരുദ്ധമായി അൺഎയ്ഡഡ് സ്കൂളുകൾക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. ടിയിനത്തിൽ ചെലവഴിച്ച 7320 രൂപ (6365+956) ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>ബി) എൽ.പി.സ്കൂളുകൾക്ക് പ്രോജക്ടിന്റെ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച്.</u>

എസ്.എസ്.എ പദ്ധതിയിൻ കീഴിൽ ഹൈസ്കൂൾ ലൈബ്രറികൾക്ക് അധികം ലഭിച്ച പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാരയും റാക്കും നൽകലാണ് പ്രോജക്ടിന്റെ ലക്ഷ്യം എന്നിരിക്കെ യഥാർത്ഥ ആവശ്യം പരിഗണിക്കാതെയും മേൽ സൂചിപ്പിച്ച സർക്കു ലർ നിർദേശത്തിന് വിരുദ്ധമായും ഗവ./എയ്ഡഡ് എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ താഴെപ്പറയും പ്രകാരം എൽ.പി.സ്കൂളുകൾക്ക് അനുവദിച്ച ആനുകൂല്യത്തിന്റെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

| | സ്കൂളിന്റെ പേര് | ചെലവ് | കൈപ്പറ്റ് വിവരങ്ങൾ |
|---|---|---|---|
| 1 | ഗവ. എൽ.പി.സ്കൂൾ, തലനാട് | 7320 | 19.3.07 ൽ കൈപ്പറ്റി |
| 2 | സി.എം.എസ്. എൽ.പി.സ്കൂൾ, തിടനാട് | 7320 | 22.3.07 ൽ കൈപ്പറ്റി |
| 3 | സെന്റ് ജോർജ് എൽ.പി.സ്കൂൾ, അരുവിത്തുറ | 7320 | 22.3.07 ൽ കൈപ്പറ്റി |
| 4 | ഗവ. എൽ.പി.സ്കൂൾ, പ്ലാശനാൽ | 7320 | 27.3.07 ൽ കൈപ്പറ്റി |
| | **ആകെ** | **29280** | |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലെ ഹൈസ്കൂളുക ളുടെ എണ്ണം , ആവശ്യകത എന്നിവ പരിഗണിക്കാതെ വാങ്ങിയ ഫർണിച്ചർ ഏതു വിധേ നയും കൊടുത്തുതീർക്കുക എന്ന ഉദ്ദേശ്യത്തോടെ ക്രമവിരുദ്ധമായി അൺഎയ്ഡഡ് സ്കൂളിനും നിർദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാതെ എൽ.പി. സ്കൂളുകൾക്കും നൽകി യത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗമായി ഓഡിറ്റിൽ വിലയിരുത്തുന്നു. എൽ.പി. വിഭാഗ ത്തിൽത്തന്നെ എയ്ഡഡ് സ്കൂളുകൾക്കും ഫർണിച്ചർ നൽകിയത് ക്രമപ്രകാരമല്ല. പ്രോജക്ടിന്റെ തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭിച്ചിട്ടില്ല. മേൽ വിവരിച്ച കാരണങ്ങളാൽ ഉപഖണ്ഡികകൾ എ, ബി എന്നിവ പ്രകാരം 36600 രൂപ (7320 + 29280) ഓഡിറ്റിൽ നിരാകരിക്കുന്നു.

**2.5 ഡെപ്പോസിറ്റ് വേലകൾ : കരാർ ചമച്ചിട്ടില്ല- പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.**

06-07 വർഷം വിവിധ ഡെപ്പോസിറ്റ് വേലകൾക്കായി വൈദ്യുതി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളിൽ ഗണ്യമായ തുക നിക്ഷേപിച്ചിട്ടുണ്ട്. സ്ഥാപ നങ്ങൾ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് നിക്ഷേപിച്ചതെങ്കിലും നിയമാനുസൃതം കരാർ ചമച്ചിട്ടില്ല. എന്നു കാണുന്നു. ഇവയിൽ പലതിലും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഔദ്യോഗിക രസീത് ലഭിച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവ രവും പൂർത്തീകരിക്കാൻ നിർവഹണ ഏജൻസി ചെലവഴിച്ച തുകയുടെ വിവരവും ഇതു വരെ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം, ഭൗതിക നേട്ടം എന്നിവ സംബന്ധിച്ച

മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

എ) വൈദ്യുതി ബോർഡിൽ വിവിധ വേലകൾക്കായി ഡെപ്പോസിറ്റ് ചെയ്തത്

| തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ചെക്ക്/ ഡി.ഡി നമ്പർ/തീയതി |
|---|---|---|
| 261545 | അസി. എൻജിനിയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഈരാറ്റുപേട്ട | ചെക്ക് നമ്പർ : 466703/3.11.06 |
| 179316 | ,, | ചെക്ക് നമ്പർ : 467156/19.3.07 |
| 391915 | അസി. എൻജിനിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പിണ്ണാക്കനാട് | ഡി.ഡി നമ്പർ : 829187/3.11.06 |
| 96680 | ,, | ചെക്ക് നമ്പർ : 466702/ 3.11.06 |
| 55080 | ,, | ഡി.ഡി നമ്പർ : 492517/3.4.07 |
| 55670 | അസി. എൻജിനിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പൂഞ്ഞാർ | ചെക്ക് നമ്പർ : 467357/ 3.4.07 |
| **ആകെ : 1040206** | | |

ബി ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തത്.

| | | |
|---|---|---|
| 151000 | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | ഡി.ഡി നമ്പർ : 492481/3.4.07 |
| 35800 | ,, | ഡി.ഡി നമ്പർ : 140878/18.4.07 |
| **ആകെ : 186800** | | |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ തുക 1227006 ( 1040206 + 186800) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2.6 വിവിധ പരിശീലന പരിപാടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല.**

എ) തുടർ വിദ്യാഭ്യാസ പരിപാടി

പ്രോജക്ട് നമ്പർ : എസ്. 011/07

പദ്ധതി വിഹിതം : 10000 രൂപ

ബ്ലോക്ക് പഞ്ചായത്തിലെ വികസന വിദ്യാകേന്ദ്രത്തിന്റെ പ്രവർത്തന പരിധിയിലുള്ള വനസാക്ഷരരായ ഗുണഭോക്താക്കൾക്ക് വിവിധ മേഖലകളിൽ താഴെപ്പറയും വിധമുള്ള ഒമ്പതിനം പരിശീലന പരിപാടികൾ ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ നടത്താൻ ഉദ്ദേശിച്ചുള്ളതാണ് പ്രോജക്ട്.

| | പരിശീലന പരിപാടി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കൂൺ കൃഷി പരിശീലനം | 20 |
| 2 | ഫേബ്രിക് പെയ്ന്റിംഗ് പരിശീലനം | 10 |
| 3 | കൃത്രിമ പൂവ് നിർമാണം | 25 |
| 4 | ജലസംരക്ഷണ ബോധവത്കരണം | 40 |
| 5 | നിയമ ബോധവത്കരണം | 40 |
| 6 | ആരോഗ്യ ബോധവത്കരണം | 90 |
| 7 | പ്രകൃതിജീവന ബോധവത്കരണം | 35 |
| 8 | ക്ഷീരകർഷകർക്ക് പരിശീലനം | 30 |
| 9 | വ്യക്തിത്വ പരിശീലനം | 50 |

31 ഗുണഭോക്താക്കൾക്ക് പരിശീലന പരിപാടികൾ നടത്തിയതിന് ഫീസിനത്തിൽ 6500 രൂപ (ചെക്ക് നമ്പർ : 024226 തീയതി : 18.4.7) ജനശിക്ഷൺ സൻസ്ഥാൻ എന്ന സ്ഥാപ

നത്തിന് നൽകിയിട്ടുണ്ട്. അനുബന്ധ ചെലവുകൾക്ക് 3490 രൂപ വിവിധ വൗച്ചറുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ചെലവു സംബന്ധമായ രേഖകൾ ഒഴികെ പ്രോജക്ടിന്റെ നടത്തിപ്പ്, പൂർത്തീകരണം എന്നിവ സംബന്ധിച്ച മറ്റ് രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പരിശീലന പരിപാടിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, ഹാജർ, പ്രോജക്ട് പ്രകാരമുള്ള പരിശീലന പരിപാടികൾ നടത്തിയതു സംബന്ധിച്ച വിവരങ്ങൾ, പ്രോജക്ടിന്റെ തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച് വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് തുടങ്ങി അവശ്യം വേണ്ട രേഖകളുടെ അഭാവത്തിൽ പ്രോജക്ടിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനും ചെലവിന്റെ സാധുത പരിശോധിക്കുന്നതിനും സാധിച്ചിട്ടില്ല. മാത്രമല്ല, പല ഇനങ്ങളിലും നാല്പതിലേറെ ഗുണഭോക്താക്കൾക്കാണ് പരിശീലനം നൽകാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും ആകെ 31 പേർക്ക് പരിശീലനം നൽകിയതിന്റെ ഫീസാണ് ജനശിക്ഷൺ സൻസ്ഥാന് നൽകിയത്. (ഫീസിന്റെ കൈപ്പറ്റ് രസീതിൽ സൂചിപ്പിച്ചിട്ടുണ്ട്.) ഇതിൽ നിന്ന് പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന എല്ലായിനങ്ങളും നടത്തിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പുകൾ , കാമ്പയിനുകൾ തുടങ്ങിയവ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്ന് പത്താം പദ്ധതി മാർഗനിർദേശങ്ങളിൽ പറയുന്നു. ആയതിനാൽ ക്രമനമ്പർ 4, 5,7,9 ഇനങ്ങൾക്ക് ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങുകയോ അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞതിനു വിധേയമായി ടിയിനത്തിൽ ചെലവഴിച്ച 9990 രൂപ (6500 + 3490) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായ പ്രോജക്ടിന് അംഗീകാരം നൽകിയ ഡി.പി.സി നടപടി ക്രമപ്രകാരമല്ല.

<u>ബി) പട്ടികജാതി സ്വയംസഹായ ഗ്രൂപ്പുകൾക്ക് തൊഴിൽ പരിശീലന പരിപാടി</u>

പ്രോജക്ട് നമ്പർ : എസ് 066/07

പദ്ധതി വിഹിതം : 85000 രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഒമ്പത് ഗ്രാമപഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന 282 വനിതകൾ ഉൾപ്പെട്ട 27 പട്ടികജാതി സ്വയം സഹായസംഘങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പരിശീലന ഫീസിനത്തിൽ ജനശിക്ഷൺ സൻസ്ഥാന് 27400 രൂപയും ഭക്ഷണം, അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് വിവിധ വൗച്ചറുകൾ പ്രകാരം 41420 രൂപയും ഉൾപ്പെടെ പ്രോജക്ടിന്റെ നടത്തിപ്പിന് ആകെ 68820 രൂപ ചെലവഴിച്ചിട്ടുണ്ട്.

പരിശീലന പരിപാടികളുടെ വിശദവിവരങ്ങൾ, പങ്കെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, ഹാജർ, പ്രോജക്ടിന്റെ തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് തുടങ്ങി പ്രോജക്ടിന്റെ നടത്തിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവ് 68820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2.7 വിവിധ ജലവിതരണ പദ്ധതികൾ- നിർവഹണത്തിലെ അപാകതകൾ**

06-07 വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ വിവിധ ജലവിതരണ പദ്ധതികളുടെ നിർവഹണത്തിൽ സാരമായ അപാകതകൾ കാണപ്പെട്ടു. എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ, അളവു പുസ്തകങ്ങൾ എന്നിവ പരിശോധിച്ചതിൽ അടിസ്ഥാന ഇനങ്ങളായ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ, ടാപ്പുകൾ ഘടിപ്പിക്കൽ എന്നിവ എസ്റ്റിമേറ്റിൽ വിവരിക്കും പ്രകാരം ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. എസ്റ്റിമേറ്റിൽനിന്ന് സാരമായി വ്യതിചലിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയിട്ടുമില്ല. ജലലഭ്യത, പ്രാദേശിക പ്രത്യേകതകൾ,, സൈറ്റിന്റെ പ്രത്യേകത തുടങ്ങിയ ഘടകങ്ങളെക്കുറിച്ച് ശരിയായ രീതിയിൽ പഠനം നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പഞ്ചായത്ത് പ്രദേശത്ത് ജലവിതരണ/ ജലസേചന പദ്ധതികൾ യഥാവിധി പൂർത്തീകരിക്കുന്നതിന് അടി

യന്തിര പ്രാധാന്യം നൽകേണ്ടതുണ്ട്.പൈപ്പ് ലൈനിന്റെ ദൂരം കുറയ്ക്കുമ്പോഴും ടാപ്പുക ളുടെ എണ്ണം കുറയ്ക്കുമ്പോഴും പ്രോജക്ട് വിവക്ഷിച്ചിരുന്ന അത്രയും ഗുണഭോക്താ ക്കൾക്ക് പ്രയോജനം ലഭിക്കാതെ വരികയും ചെയ്യുന്നു.

എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ അള വുകൾ പ്രവൃത്തിയുടെ ഗുണമേന്മ, തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച് ബന്ധ പ്പെട്ട ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ കൺവീ നർ/കരാറുകാരന് ബില്ലുകൾ പാസാക്കി തുക നൽകാവൂ എന്ന് പൊതുമരാമത്ത് ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പരിഗണിക്കാതെ അന്തിമ പേയ്മെന്റ് നൽകിയ ഏതാനും പ്രോജക്ടുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

1) <u>തലപ്പലം കോയിക്കൽ ജലവിതരണ പദ്ധതി</u>

പ്രോജക്ട് നമ്പർ : എസ് 020/07
പദ്ധതി വിഹിതം : 199800 രൂപ
ഗുണഭോക്തൃ വിഹിതം : 22200 രൂപ
അടങ്കൽ : 222000 രൂപ
എം ബുക്ക് നമ്പർ : 10/04-05
വേലമൂല്യം : 168236

തലപ്പലം ഗ്രാമപഞ്ചായത്തിൽ മേലമ്പാറ പത്താം വാർഡിൽ നിലവിൽ ജലവിത രണം ചെയ്യുന്ന കിണറിന് ആഴം കൂട്ടുന്നതിനും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും ഉദ്ദേശിച്ചുളളതാണ് പദ്ധതി. പ്രോജക്ടിന് ബ്ലോക്ക് കമ്മിറ്റിയുടെ 27.6.06 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതിയും 15.12.06 ലെ 01/07 നമ്പർ തീരുമാനപ്രകാരം സാങ്കേ തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. പി.കെ. നാരായ ണൻ, പേരൂശേരിൽ, മേലമ്പാറയുമായി 15.12.06 ൽ 13/06-07 നമ്പരായി കരാർ ചമയ്ക്കു കയും ടിയാന് മൊബിലൈസേഷൻ അഡ്വാൻസായി 49950 രൂപ നൽകുകയും ചെയ്തിട്ടു ണ്ട്. എസ്റ്റിമേറ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| എ | കിണറിന് ആഴം കൂട്ടൽ | 65867 |
| ബി | പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 112930 |
| സി | വൈദ്യുതീകരണം | 13000 |
| ഡി | അപ്രതീക്ഷിത ചെലവുകളും നികുതിയിനങ്ങളും | 30203 |
| **ആകെ** | | **222000** |

ഇതിൽ ബി വിഭാഗത്തിൽ പറഞ്ഞിരിക്കുന്ന പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ചാണ് ചെയ്തിരിക്കുന്നതെന്ന് എം ബുക്കിൽ നിന്ന് വ്യക്തമാണ്. എസ്റ്റിമേറ്റ് പ്രകാരം ഈ വിഭാഗത്തിൽ താഴെപ്പറയുന്ന മൂന്നിനം പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നത്.

<u>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ</u>

| | | |
|---|---|---|
| 1 | 50 എം.എം ജി.ഐ.പൈപ്പ് 400 മീറ്റർ സ്ഥാപിക്കൽ @ 223/മീറ്റർ | 89200 |
| 2 | 40 എം.എം ജി.ഐ. പൈപ്പ് 100 മീറ്റർ @ 164/മീറ്റർ | 16400 |
| 3 | 50 എം.എം പി.വി.സി പൈപ്പ് 140 മീറ്റർ @ 80 മീറ്റർ | 11200 |
| | ആകെ | 116800 |

<u>യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (എം.ബുക്ക് പ്രകാരം)</u>

| | | |
|---|---|---|
| 1 | 50 എം.എം ജി.ഐ.പൈപ്പ് 101 മീറ്റർ സ്ഥാപിക്കൽ @ 223/മീറ്റർ | 22523 |
| 2 | 40 എം.എം ജി.ഐ. പൈപ്പ് 97 മീറ്റർ @ 164/മീറ്റർ | 15908 |
| 3 | 50 എം.എം പി.വി.സി പൈപ്പ് 895 മീറ്റർ @ 80 മീറ്റർ | 71600 |
| | ആകെ | 110031 |

50 എം.എം. പി.വി.സി പൈപ്പ് 140 മീറ്റർ സ്ഥാപിക്കേണ്ടതിനു പകരം 895 മീറ്റർ സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരം 640 മീടർ പൈപ്പ് ലൈൻ സ്ഥാപി ക്കുന്നതിനാണ് കരാർ നൽകിയിരുന്നത്. എന്നാൽ എം ബുക്കിലെ അളവുകൾ പ്രകാരം 1093 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവയിൽ നിന്ന് വ്യ

തിചലിച്ച് നടത്തിയിരിക്കുന്ന ടി പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ തീയതിയും തയ്യാറാക്കിയ എൻജിനിയറുടെ ഔദ്യോഗിക സ്ഥാനവും രേഖപ്പെടുത്തിയിട്ടില്ല. ആധികാരികമായ സാക്ഷ്യപ്പെടുത്തലിനു പകരം വെറുമൊരു ഇനിഷയൽ മാത്രമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഔദ്യോഗിക സാക്ഷ്യപ്പെടുത്തലായി കണക്കാക്കുന്നില്ല. ആയതിനാൽ പ്രസ്തുത രേഖയുടെ ആധികാരികത ഓഡിറ്റിൽ സംശയിക്കുന്നു. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ ആകെ വേലമൂല്യം 168236 രൂപയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്ക് ചെലവഴിച്ച 110031 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) <u>പൂഞ്ഞാർ – കൊണ്ടൂർത്താഴെ പൈപ്പ്ലൈൻ നീട്ടൽ</u>

പ്രോജക്ട് നമ്പർ : എസ് 022/07
പദ്ധതി വിഹിതം : 19800 രൂപ
ഗുണഭോക്തൃ വിഹിതം : 2200 രൂപ
അടങ്കൽ : 22000 രൂപ
ആകെ വേലമൂല്യം : 208113
എം ബുക്ക് നമ്പർ : 24/99-00
കൺവീനർ : ശാന്തകുമാരി, തച്ചുപുരയിടത്തിൽ , പൂഞ്ഞാർ

ഗുണഭോക്തൃസമിതി കൺവീനർ ശ്രീമതി ശാന്തകുമാരിയുമായി 21.12.06 ൽ 16/06-07 നമ്പരായി ചമ്ച കരാർ പ്രകാരം ചെയ്ത വേല എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവയിൽ നിന്ന് സാരമായി വ്യതിചലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം മൂന്നിനം പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നതെങ്കിലും ഒരിനം മാത്രം എസ്റ്റിമേറ്റിലും അധികരിച്ച അളവിൽ ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി (ചെലവ് ഉൾപ്പെടെ) | തുക | ചെയ്ത പ്രവൃത്തി (എം ബുക്ക് പ്രകാരം) | തുക |
|---|---|---|---|
| ഇനം 1 | | ഇനം 1 | |
| 32 എം.എം ജി.ഐ. പൈപ്പ് 134 മീറ്റർ @ 124/മീറ്റർ | 16616 | ചെയ്തിട്ടില്ല. | |
| ഇനം 2 | | ഇനം 2 | |
| 25 എം.എം ജി.ഐ. പൈപ്പ് 6.50 മീറ്റർ @ 106 /മീറ്റർ | 689 | 25 എം.എം ജി.ഐ. പൈപ്പ് 187 മീറ്റർ @ 106 /മീറ്റർ | 19822 |
| ഇനം 3 | | ഇനം3 | |
| 20 എം.എം ടാപ്പുകൾ അഞ്ചെണ്ണം @ 196.50 | | ചെയ്തിട്ടില്ല. | |
| നികുതി വിഹിതം | 1712 | | |
| **ആകെ** | **20000** | | |

ഇനം രണ്ടിൽ മാത്രം അധിക അളവിൽ ചെയ്തതിന്റെ കാരണം വിശദമാക്കുകയോ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ എ2 പ്രകാരം വിശദീകരണം ആരാഞ്ഞിരുന്നു.) പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭിച്ചിട്ടില്ല. ആയതിനാൽ ജലവിതരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ആയതിനാൽ ആകെ വേലമൂല്യം 20813 (ചെക്ക് നമ്പർ : 407138 തീയതി: 15.3.07) രൂപയിൽ ഗുണഭോക്തൃ വിഹിതം 1982 രൂപ കുറച്ച് 18831 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3) <u>കാഞ്ഞിരമറ്റം- തണ്ണിപ്പാറ ജലവിതരണം- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ</u>

പ്രോജക്ട് നമ്പർ : എസ് 021/07
പദ്ധതി വിഹിതം : 24750 രൂപ
ഗുണഭോക്തൃ വിഹിതം : 2750 രൂപ

അടങ്കൽ : 27500 രൂപ

ആകെ വേലമൂല്യം : 26346

എം ബുക്ക് നമ്പർ : 19/00-01 (പേജ് 42)

പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 27.6.06 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും 07/07 തീയതി 11.12.06 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. എം.ഡി. തോമസ്, മണ്ണൂർ, പൂഞ്ഞാർ എന്നയാളുമായി 21.12.06 ൽ 15/06-07 നമ്പരായി എഗ്രിമെന്റ് ചമച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ, എം ബുക്ക് എന്നിവയുടെ പരിശോധനയിൽ അംഗീകൃത എസ്റ്റിമേറ്റിൽ നിന്ന് പൂർണമായി വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയതെന്ന് ബോധ്യപ്പെട്ടു. വിശദവിവരം താഴെ ചേർക്കുന്നു.

<u>അംഗീകൃത എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവ പ്രകാരം ചെയ്യേണ്ട പ്രവൃത്തികൾ</u>

| | | |
|---|---|---|
| ഇനം 1 | 32 എം.എം ജി.ഐ. പൈപ്പ് 161 മീറ്റർ @ 135 /മീറ്റർ | 21735 |
| ഇനം 2 | 25 എം.എം ജി.ഐ. പൈപ്പ് 11.50 മീറ്റർ @ 106 /മീറ്റർ | 1219 |
| ഇനം 3 | ടാപ്പുകൾ ഒമ്പതെണ്ണം ഒന്നിന് 196.50 രൂപ | 1769 |
| അപ്രതീക്ഷിത ചെലവുകളും നികുതി വിഹിതവും | | 2772 |
| ആകെ | | 27500 |

<u>യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (എം ബുക്ക് പ്രകാരം)</u>

ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം ഒന്ന് പ്രകാരമുള്ള 32 എം.എം ജി.ഐ.പൈപ്പ് 161 മീറ്റർ സ്ഥാപിക്കൽ എന്ന പ്രവൃത്തി നടത്തിയിട്ടില്ല.

<u>ഇനം 2</u>

25 എം.എം ജി.ഐ. പൈപ്പ് 11.50 മീറ്റർ സ്ഥാപിക്കുന്നതിനു പകരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് 233 മീറ്റർ സ്ഥാപിക്കുകയും ആയതിന് മീറ്ററിന് 106 രൂപ നിരക്കിൽ 24698 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഇനം 3</u>

ഒറിജിനൽ എസ്റ്റിമേറ്റിൽ ഒന്നിന് 196.50 രൂപ പ്രകാരം ഒമ്പത് ടാപ്പുകൾ ഘടിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നതെങ്കിലും രണ്ടു ടാപ്പുകൾ മാത്രമാണ് ഘടിപ്പിച്ചിട്ടുള്ളത്.

ഫൈനൽ ബില്ലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ബിൽ നമ്പർ : 46/06-07 തീയതി: 24.2.07)

ആകെ വേലമൂല്യം : 26346

<u>കുറയ്ക്കുന്നത്</u>

ഗുണഭോക്തൃവിഹിതം : 2509

മൂല്യ വർധിത നികുതി : 1004

നിർമാണതൊഴിലാളി ക്ഷേമനിധി : 251

ആകെ കുറച്ചത് : 3764

കൺവീനർക്ക് കൊടുത്തത് ആകെ : 22582

മേൽ വിവരിച്ച കാരണങ്ങളാൽ പ്രസ്തുത വേലയ്ക്കു ലഭിച്ച 26346 രൂപയിൽ ഗുണഭോക്തൃവിഹിതം 2509 രൂപ കുറച്ചുള്ള 23837 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) <u>മൂന്നിലവ് കടപുഴ ജലസേചന പദ്ധതി</u>

പ്രോജക്ട് നമ്പർ : എസ് 005/07

പദ്ധതി വിഹിതം : ഒരു ലക്ഷം രൂപ

ഗുണഭോക്തൃ വിഹിതം : 11000 രൂപ

മൊത്തം അടങ്കൽ : 111000 രൂപ

കൺവീനർ : ജോയി ജോസഫ്, കപ്യാങ്കൽ, മൂന്നിലവ്

എം. ബുക്ക് നമ്പർ : 25/03-04

ആകെ വേലമൂല്യം : 110609

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 27.6.06 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവയിൽ നിന്ന് വ്യതിചലിച്ച് നടത്തിയ പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി (ചെലവ് ഉൾപ്പെടെ) | തുക | യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (എം ബുക്ക് പ്രകാരം) | തുക |
|---|---|---|---|
| ഇനം 1 | | ഇനം 1 | |
| 25 എം.എം ജി.ഐ. പൈപ്പ് 874 മീറ്റർ സ്ഥാപിക്കൽ @ 116/മീറ്റർ | 100920 | 25 എം.എം ജി.ഐ. പൈപ്പ് 906 മീറ്റർ സ്ഥാപിച്ചു. @ 116/മീറ്റർ | 105096 |
| ഇനം 2 | | ഇനം 2 | |
| ടാപ്പുകൾ പത്തെണ്ണം ഘടിപ്പിക്കൽ @ 123 | 1230 | ടാപ്പുകൾ രണ്ടെണ്ണം ഘടിപ്പിച്ചു. @ 123 | 246 |
| നികുതി വിഹിതം | 8850 | നികുതിവിഹിതം | 5267 |
| **ആകെ** | **111000** | **ആകെ** | **110609** |

എസ്റ്റിമേറ്റിൽ പറഞ്ഞതിലും അധിക ദൂരത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയും പത്ത് ടാപ്പുകൾ ആവശ്യമായ സ്ഥാനത്ത് രണ്ടെണ്ണം മാത്രം ഉപയോഗിച്ച് പ്രവൃത്തി നടത്തുകയും ചെയ്തതായി കാണുന്നു. എങ്കിലും നിയമാനുസൃതം എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല. ഫൈനൽ ബിൽ പ്രകാരമുള്ള ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. (ബിൽ നമ്പർ : 48/06-07 തീയതി : 24.2.07)

അകെ വേലമൂല്യം : 110609

<u>കുറയ്ക്കുന്നത്</u>

ഗുണഭോക്തൃ വിഹിതം : 11061

മൊബിലൈസേഷൻ അഡ്വാൻസ് : 25000

മൂല്യവർധിത നികുതി : 4214

നിർമാണ തൊഴിലാളി ക്ഷേമനിധി : 1053

ആകെ കുറച്ചത് : 41328

ബാക്കി : 69281

എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് ചെയ്ത പ്രസ്തുത പ്രവൃത്തിയുടെ ചെലവ് 110609 രൂപയിൽ ഗുണഭോക്തൃ വിഹിതം കുറച്ചുള്ള 99548 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2.8 കുടിവെള്ള - ജലസേചന പദ്ധതികൾ, പൂർത്തീകരിക്കപ്പെടാത്തത് / ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച്.**

മുൻവർഷങ്ങളിൽ തുടക്കം കുറിച്ച 15 ജലസേചന പദ്ധതികളും നിരവധി കുടിവെള്ള പദ്ധതികളും പൂർത്തിയാക്കാത്ത അവസ്ഥയിൽ തുടരുന്ന സാഹചര്യത്തിൽ അവ പൂർത്തിയാക്കാൻ ശ്രമിക്കുന്നതിനു പകരം പിന്നെയും പുതിയ പദ്ധതികൾക്കായി പദ്ധതിപ്പണം ചെലവഴിച്ചു. തൻവർഷം പത്തു കുടിവെള്ള പദ്ധതികളും ആറു ജലസേചന പദ്ധതികളും തുടങ്ങിയതിൽ രണ്ടു വിഭാഗങ്ങളിലും മൂന്ന് വീതം മാത്രമേ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

<u>കുടിവെള്ള പദ്ധതികൾ</u>

| | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | എസ് 14/07 | മലയിഞ്ചിപ്പാറ കുടിവെള്ള പദ്ധതി | 1.5 ലക്ഷം (പൂർത്തിയാക്കി) |
| 2 | എസ് 15/07 | മൂന്നിലവ് കണ്ടംപാറ അഞ്ചുകുടിയാർ ജലവിതരണ പദ്ധതി | 1.5 ലക്ഷം (പൂർത്തിയാക്കി) |
| 3 | എസ് 16/07 | കാരയ്ക്കാട്ട് കുടിവെള്ള പദ്ധതി | 70000 (പൂർത്തിയാ |

| | | | |
|---|---|---|---|
| | | | ക്കി) |
| 4 | എസ് 17/07 | കൈലാസം- വാഴക്കാട്ട് കുടിവെള്ള പദ്ധതി | ഒരു ലക്ഷം |
| 5 | എസ് 18/07 | തേവരുപാറ ജലവിതരണ പദ്ധതി | രണ്ടര ലക്ഷം |
| 6 | എസ് 19/07 | ചിറപ്പാറ- എട്ടുപങ്കുഭാഗം ജലവിതരണ പദ്ധതി | ഒരു ലക്ഷം |
| 7 | എസ് 20/07 | മേലമ്പാറ (കോയിക്കൽ) ജലവിതരണ പദ്ധതി | 199800 |
| 8 | എസ് 23/07 | തലപ്പലം പഞ്ചായത്തിൽ മോട്ടോർ ഘടിപ്പിച്ച രണ്ട് കുഴൽക്കിണറുകൾ | 78000 |
| 9 | എസ് 24/07 | പൂഞ്ഞാർ പഞ്ചായത്തിൽ രണ്ട് കുഴൽകിണറുകൾ | 73000 |
| 10 | എസ് 25/07 | പൂവത്താനം- അഞ്ഞൂറ്റിമംഗലം പ്രദേശങ്ങളിൽ ജലസംഭരണികൾ | 36000 |

<u>ജലസേചന പദ്ധതികൾ</u>

| | | | |
|---|---|---|---|
| 1 | എസ് 03/07 | ഇടമറുക് രാജീവ് കോളനി ജലസേചന പദ്ധതി | 121390 |
| 2 | എസ് 04/07 | തലപ്പലം - കോയിക്കൽ ജലസേചന പദ്ധതി | 183939 |
| 3 | എസ് 05/07 | മൂന്നിലവ്- കടപുഴ ജലസേചന പദ്ധതി | 100000 |
| 4 | എസ് 06/07 | നീലോന്മല (പൈപ്പ് ലൈൻ നീട്ടൽ) ജലസേചന പദ്ധതി | 99900 (പൂർത്തിയാക്കി) |
| 5 | എസ് 07/07 | ആനിത്തോട്ടം ജലസേചന പദ്ധതി | 74500 (പൂർത്തിയാക്കി) |
| 6 | എസ് 08/07 | അരുവിത്തുറ (എക്സ്റ്റെൻഷൻ) ജലസേചന പദ്ധതി | 29700 (പൂർത്തിയാക്കി) |

ഇവയിൽ ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ താമസംവിനാ ഫലപ്രദമായി പൂർത്തീകരിക്കാനുള്ള തുടർ പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണ്. മേല്പറഞ്ഞ പദ്ധതികൾ തുടങ്ങിയതിനു മുമ്പായി ജലസ്രോതസ്സുകളുടെ ലഭ്യതയെക്കുറിച്ചുള്ള സാധ്യതാ പഠനം നടത്തിയിട്ടില്ല. ഇക്കാര്യം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

**2.9 നബാർഡ് ധനസഹായത്തോടുകൂടിയ പ്രവൃത്തികൾ - കണക്കുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച**

നബാർഡ് ധനസഹായത്തോടെയുള്ള പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ക്രമരഹിതമായി വച്ചിട്ടുള്ള ഏതാനും ഫലയുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ആയതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ചേർക്കാൻ സാധിക്കുന്നില്ല.

നബാർഡ് ധനസഹായത്തോടെ ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങൾ ഓരോന്നിനും വകയിരുത്തിയ തുക പ്ലാൻ ഫണ്ടിൽ നിന്ന് മുൻകൂർ ചെലവഴിച്ച തുക, റീ ഇംബേഴ്സ്മെന്റ് ക്ലെയിം ലഭിച്ചതും ഇനി ലഭിക്കാനുള്ളതുമായ തുകയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നബാർഡ് പ്രവൃത്തികളുടെ പ്രോജക്ട് രജിസ്റ്ററും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. വൻതുക ചെലവഴിച്ചു നടത്തുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററുകളും ഫയലുകളും പോലും കൃത്യമായി സൂക്ഷിക്കാത്തതും ഓഡിറ്റിന് ഹാജരാക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. (മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 ലും പരാമർശമുണ്ട്.)

<u>നബാർഡ്- യഥാർത്ഥ വരവും ചെലവും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവും ചെലവും തമ്മിൽ സാരമായ അന്തരം</u>

ഓഡിറ്റിനു ലഭ്യമാക്കിയ വാർഷിക കണക്കുകൾ പ്രകാരം നബാർഡ് ഇനത്തിൽ ആകെ വരവ് 14090318 രൂപയാണ്. അത്രയും ചെലവുമുണ്ട്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ഇനത്തിലുള്ള വരവ് 50.87 ലക്ഷം രൂപയും ചെലവ് 41.7 ലക്ഷം രൂപയും എന്നാണ് കാണപ്പെട്ടത്. തുകകൾ തമ്മിലുള്ള അന്തരത്തിന് സെക്രട്ടറി നൽകിയ വിശദീകരണത്തിൽ യഥാർത്ഥ വരവ് 50.87 ലക്ഷം രൂപയും ചെലവ് 41.72 ലക്ഷം രൂപയുമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ സംഭവിച്ച പിഴവ് മൂലമാണ് ഇപ്രകാരം അന്തരമുണ്ടായതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡി

റ്റിനെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ വാർഷിക കണക്കുകളിൽ പിഴവ് വരുത്തുന്നത് ആശാസ്യമല്ല. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നബാർഡ് പ്രവൃത്തികൾ സംബന്ധിച്ച്

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കാണപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

മേല്പറഞ്ഞ സാഹചര്യത്തിൽ ആർ.ഐ.ഡി.എഫ്. വിവിധ ധാരകളിൽ ഏറ്റെടുത്ത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ സ്ഥിരീകരിക്കാൻ കഴിയുന്നില്ല. ആർ.ഐ.ഡി.എഫ്-ആറിൽ ഏറ്റെടുത്ത ഇടമറുക്- കയ്യൂർ റോഡ് നിർമാണം ആർ.ഐ.ഡി. എഫ് - ഒമ്പതിൽ ഏറ്റെടുത്ത വെയിൽകാണാംപാറ- രക്ഷാഭവൻ റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളാണ് 06-07 വർഷവും തുടർന്നിട്ടുള്ളത്. ഇടമറുക്- കയ്യൂർ റോഡ് നിർമാണത്തിന് പൂർത്തീകരിച്ച പ്രവൃത്തികളുടെ റീ ഇംബേഴ്സ്മെന്റ് ക്ലെയിം 3.11 ലക്ഷം രൂപ കൂടി കിട്ടാനുണ്ടായിരുന്നു. 06-07 വർഷം 2.28 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമല്ല. ആലുന്തറ- ഈന്തുംപള്ളി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ മൂല്യം 35.36 ലക്ഷം രൂപ റീ ഇംബേഴ്സ് ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ റീ ഇംബേഴ്സ് ചെയ്തു ലഭിക്കേണ്ട തുകയുടെ കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ല. 06-07 വർഷം 39.50 ലക്ഷം രൂപ റീ ഇംബേഴ്സ് ചെയ്തിട്ടുണ്ട്.

നബാർഡ് പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ , പൂർത്തീകരണ വിവരങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം 4- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

**4.1) വാർഷിക കണക്കുകളുടെ അവലോകനം**

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കുകൾ പ്രകാരം 06-07 ലെ ആകെ വരവ് 27193703 രൂപയും ആകെ ചെലവ് 26310283 രൂപയുമാണ്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്കർച്ചിരിക്കുന്നതു പ്രകാരം വരവുചെലവ് രജിസ്റ്ററുകളും മറ്റ് അടിസ്ഥാന രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ലാത്തതിനാൽ കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. വാർഷിക കണക്കുകളിൽ റവന്യൂ, മൂലധന, ഋണശീർഷ കണക്കുകൾ എന്നിങ്ങനെ വർഗീകരണം നടത്തിയിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയിട്ടില്ല.

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 602685 രൂപ വരവ് കാണിച്ചിട്ടുണ്ട്. ചെലവു വിവരങ്ങൾ ചേർത്തിട്ടില്ല. 05-06 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 2444078 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും തൻവർഷ കണക്കുകളിൽ 859039 രൂപ മാത്രമാണ് മുന്നിരിപ്പ് കാണിച്ചിട്ടുള്ളത്. വ്യത്യാസത്തിനു കാരണം വിശദീകരിക്കേണ്ടതാണ്.

ഋണശീർഷ കണക്കുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതു സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 34045 രൂപ നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചിട്ടുള്ളതായി കാണുന്നു. ലഭ്യമാക്കിയ വാർഷിക കണക്കുകൾ പ്രകാരം നബാർഡ് ഇനത്തിലുള്ള വരവ് 14090318 രൂപയാണ്. അത്രയും തുക ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ടിയിനത്തിലുള്ള വരവ് 50.87 ലക്ഷം രൂപയും ചെലവ് 41.72 ലക്ഷം രൂപയുമാണെന്ന് കണ്ടു. മേല്പറഞ്ഞ കണക്കുകളാണ് യഥാർത്ഥത്തിൽ ഉള്ളതെന്നും വാർഷിക കണക്കുകൾ തയ്യാറാക്കിയപ്പോൾ തുക തെറ്റായി ചേർത്തതാണെന്നും സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ നബാർഡ് ഇനത്തിലുള്ള വരവ് 50.87 ലക്ഷം രൂപ എന്നു കണക്കാക്കി ഓഡിറ്റ് ചാർജ് കണക്കാക്കുന്നു.

മേല്പറഞ്ഞ കാരണങ്ങളാൽ വാർഷിക കണക്കുകളുടെ ആധികാരികത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ഓഡിറ്റിനു ലഭ്യമാക്കിയ വാർഷിക കണക്കു പ്രകാരമുള്ള വരവു ചെലവ് വിവരങ്ങൾ താഴെചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 10855000 | 10674004 |
| നബാർഡ് | 5087000 | 4172000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 602685 | ചേർത്തിട്ടില്ല |
| മെയിന്റനൻസ് ഗ്രാന്റ് | 1470961 | 1470961 |
| ബി ഫണ്ട് | 75000 | 75000 |
| രസീത് പ്രകാരമുള്ള വരവ് | 99739 | -- |
| ആകെ | 18190385 | 16391965 |

കുറിപ്പ് : കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം 900700 രൂപ വരവ് ഓഡിറ്റ് ചാർജിന് പരിഗണിക്കുന്നതല്ല.

**4.2) വായ്പ/വായ്പ തിരിച്ചടവ്**

ഇല്ല

**4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ)**

ഇല്ല

**4.4) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല. വിവിധ ഡിമാന്റ് ഡ്രാഫ്റ്റുകൾ പ്രകാരം 34045 രൂപ നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

**4.5 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4.6 ഓഡിറ്റ് ചാർജ്**

| | | |
|---|---|---|
| ഡി.സി.ബി പത്രിക പ്രകാരമുള്ള ആകെ വരവ് | : രൂപ | 1819.385 |
| <u>കുറയ്ക്കുക</u> | | |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | : രൂപ | 34045 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂപ | 18224430 |
| ഓഡിറ്റ് ചാർജ് അര ശതമാനം നിരക്കിൽ | : രൂപ | 91122.15 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂപ | 664652 |
| ആകെ | : രൂപ | |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | : രൂപ | ഇല്ല |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | : രൂപ | ഇല്ല |
| 31.3.07 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : രൂപ | 755774 |

<u>ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം</u>

| വർഷം | | തുക (രൂപ) |
|---|---|---|
| 95-96, 96-97 | : | 28388 |
| 97-98 | : | 83290 |
| 98-99 | : | 105015 |
| 99-00 | : | 88349 |

| | | |
|---|---|---|
| 00-01 | : | 50715 |
| 01-02 | : | 42642 |
| 02-03 | : | 37279 |
| 03-04 | : | 63803 |
| 04-05 | : | 81948 |
| 05-06 | : | 83223 |
| 06-07 | : | 91122 |
| ആകെ | : | 755774 |

ടി തുക 0070-60-110-99-ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4.7 ഓഡിറ്റ് പ്രത്യവലോകനം**

*എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 18190385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 16391965 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55911 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1639072 |

*ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 1350 | | ശ്രീ. വി.കെ. ചന്ദ്രശേഖരൻ, സെക്രട്ടറി |
| 2.2 | | 480 | ,, |
| 2.4 | | 36600 | ,, |
| 2.7 (2) | | 18831 | ,, |

*ബി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം*

| ഖണ്ഡിക | തുക |
|---|---|
| 2.3 | 99840 |
| 2.5 | 1227006 |
| 2.6 എ | 9990 |
| 2.6 ബി | 68820 |
| 2.7 (1) | 110031 |
| 2.7 (3) | 23837 |
| 2.7 (4) | 99548 |

*സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല.

*ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല.

*ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി.കെ. ചന്ദ്രശേഖരൻ, സെക്രട്ടറി | ലഭ്യമല്ല | ലഭ്യമല്ല |

റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായ ആളുടെ സ്ഥിരം / ഔദ്യോഗിക മേൽവിലാസം ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 22 കാണുക)

**4.8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97 | എൽ.എഫ്.കെ.പി ജനറൽ/209/99/22.3.99/30.4.99 |
| 97-98 | എൽ.എഫ്.കെ.പി ജനറൽ /210/99/20.3.99 |
| 98-99 | എൽ.എഫ്.കെ.പി1/889/00/20.3.99 |
| 99-00 | എൽ.എഫ്.കെ.പി1/1139/00/6.1.01 |
| 00-01, 01-02 | എൽ.എഫ്.കെ.പി1/216/04/7.7.04/15.9.04 |
| 02-03 | എൽ.എഫ്.കെ.പി1/187/05/9.9.05/3.12.05 |
| 03-04 | എൽ.എഫ്.കെ.പി1/682/06/18.1.07/8.2.07 |
| 04-05 | എൽ.എഫ്.കെ.പി1/482/07/24.5.07/7.8.07 |
| 05-06 | എൽ.എഫ്.കെ.പി1/485/07/24.5.07/7.8.07 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കോട്ടയം ജില്ല.**

ജെ.010809